ശ്രീ. പി. വിശ്വൻ : സർ, എനിക്കൊരു നിർദ്ദേശം വയ്ക്കാനുള്ളത് മത്സ്യതൊഴിലാളികളെ രക്ഷിക്കുന്നതിന്, മണ്ണെണ്ണ ലഭിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് നേരിട്ട് കസ്റ്റംസ് തീരുവയില്ലാതെ നികുതിരഹിത മണ്ണെണ്ണ ഇറക്കുമതി ചെയ്യാൻ കേന്ദ്രാനുമതി വാങ്ങുമോ, കേന്ദ്രത്തോട് ചോദിക്കുമോ ?

(അദ്ധ്യക്ഷവേദിയിൽ മിസ്റ്റർ സ്പീക്കർ)

ശ്രീ. ടി. കെ. രാമകൃഷ്ണൻ : സർ, ഞാൻ മറ്റൊരാവശ്യത്തിനായി ഇന്ന് ഡൽഹിയിൽ പോകുന്നുണ്ട്. ബന്ധപ്പെട്ട മന്ത്രിയെ കണ്ട് ഈ ആവശ്യം ഉന്നയിക്കുന്നതാണ്. പക്ഷേ, പ്രശ്നം അതല്ല, സംസ്ഥാന ഗവൺമെന്റിന്റെ ആവശ്യത്തിനും തൊഴിലാളികളുമായി ബന്ധപ്പെടുന്ന കാര്യത്തിനും പരിഗണന നൽകാത്ത ഒരു ഗവൺമെന്റാണ് ഇപ്പോൾ കേന്ദ്രത്തിലുള്ളത്. അതുകൊണ്ട് അവരിത് പുനഃപരിശോധിക്കാനാണ്, റദ്ദുചെയ്യാനല്ല നടപടിയെടുക്കുന്നത്. സംസ്ഥാന ഗവൺമെന്റ് ആവശ്യമായ സംഗതികൾ നടത്താം.

III സബ്മിഷൻ

(1) കള്ളിൽ ചാരായം ചേർത്തുവിൽക്കുന്നത് സംബന്ധിച്ച്

ഡോ. എം. എ. കുട്ടപ്പൻ : സർ, 2000-2001 സാമ്പത്തികവർഷത്തെ അബ്ക്കാരി ലേലം നാളെ ആരംഭിക്കുകയാണ്. കഴിഞ്ഞവർഷത്തെ അതേ അബ്കാരി നയം തന്നെയാണ് ഈ വർഷവും എന്നുപറഞ്ഞ് അങ്ങ് ഉത്തരവും ഇറക്കിയിട്ടുണ്ട്. ഈ അബ്ക്കാരി നയത്തിൽ മാറ്റം വരുത്തുന്നില്ലായെങ്കിൽ ഈ വർഷം തുടർന്നു വരുന്നതുപോലെതന്നെ അടുത്ത സാമ്പത്തിക വർഷത്തിലും കള്ളിൽ എത്ര ശതമാനം ചാരായം ചേർത്താലും ആ ആളെ ശിക്ഷിക്കാൻ പറ്റില്ല. എന്തുകൊണ്ടെന്നാൽ നമ്മുടെ അബ്ക്കാരി ആക്ടിലോ റൂൾസിലോ കള്ളിന്റെ വീര്യം എത്ര ശതമാനം ആകണമെന്നതുസംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടില്ല. തത്ഫലമായി ഏതാണ്ട് 30.33 ശതമാനം വരെ വീര്യം കള്ളിലുണ്ടായ കേസ് കോടതിയിൽ വന്നിട്ടുപോലും ഹൈക്കോടതിയിൽ നിന്നും ആ കുറ്റക്കാരൻ ശിക്ഷിക്കപ്പെടാതെ പുറത്തു വന്നിട്ടുണ്ട്. അങ്ങനെ ഒട്ടേറെ കേസ്സുകളുണ്ടായിട്ടുണ്ട്. എക്സൈസ് മാനുവൽ വോളിയം 2-ൽ, ചാപ്റ്റൽ 10-ൽ കള്ളിന്റെ സ്ട്രെങ്തിനെ കുറിച്ച് പറഞ്ഞിട്ടുണ്ട്, 8.1 ശതമാനം $\frac{v}{v}$ ($\frac{volume}{volume}$) പക്ഷേ, അതിന് സ്റ്റാറ്റ്യൂട്ടറി പിൻബലമില്ല. നമ്മുടെ ആക്ടിലോ റൂൾസിലോ റഗുലേഷൻസിലോ ലൈസൻസിംഗ് വ്യവസ്ഥകളിലോ സ്ട്രെങ്ത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യാത്തതുമൂലം കഴിഞ്ഞ രണ്ടിലേറെ വർഷക്കാലമായി ഒട്ടേറെ കേസുകൾ ഹൈക്കോടതിയിൽ വന്നിട്ട് കുറ്റക്കാർ ശിക്ഷിക്കപ്പെടാതെ പുറത്തുവരുന്നു. അത് ഇന്ന് ആരംഭിച്ചതല്ല. 1998 ഏപ്രിൽ മാസം 30-ാം തീയതി ഒരു ഡിവിഷൻ ബഞ്ച് വിധിയുണ്ടായി. ആ വിധിയുടെ പ്രസക്തഭാഗം മാത്രം ഞാൻ വായിക്കട്ടെ, The strength of the toddy required is not mentioned in the rules, regulations or in the license. ലൈസൻസിലോ ചട്ടങ്ങളിലോ നിബന്ധനകളിലോ കള്ളിന്റെ സ്ട്രെങ്ത് സംബന്ധിച്ച് ഒന്നും വ്യവസ്ഥ ചെയ്തിട്ടില്ല. If a prescribed strength

LIBRARY ARCHIVES Kerala Legislative Assembly

is not mentioned, no action can be taken for selling toddy for not having the required strength. On Chemical examination no adulterous substance was also found ചാരായമല്ലാതെ ഒന്നും ചേർത്തില്ല എന്നാണ്. ചാരായം adulterous അല്ല, added alcohol-ആണ്. ഇവിടെ വ്യക്തമാക്കിയിരിക്കുന്നു. എത്രവേണം എങ്കിലും ചേർക്കാം. adulterous-ആയിട്ട് വേറൊന്നും ചേർക്കുന്നില്ല. In these circumstances, there is no rule or regulation prescribing the strength of the toddy, no action is possible against the parties. But if there is any violation of rule prescribing the strength, that can be looked into by the authorities എന്ന് വ്യക്തമായി 1998 ഏപ്രിൽ മാസം 30-ാം തീയതി രണ്ടുപേരടങ്ങിയ ഡിവിഷൻ ബെഞ്ച് വിധി പ്രസ്താവിച്ചിട്ടും ഇതിന്മേൽ ഗവൺമെന്റ് ഇന്നുവരെ ഒരു നടപടിയും എടുത്തില്ല. ഇവിടെ ഒട്ടേറെ വിധികളുണ്ടായി. 21-1-2000-ലും 11-2-2000-ലും ജസ്റ്റിസ് ശങ്കര സുബ്ബന്റെ വിധിയുണ്ടായി. അവിടെയൊക്കെ ഞാൻ നേരത്തേ പറഞ്ഞ 1998 ഏപ്രിൽ 30-ലെ ഡിവിഷൻ ബഞ്ച് വിധി ചൂണ്ടിക്കാണിച്ച് കൊണ്ട് കുറ്റക്കാർ രക്ഷപ്പെടുകയാണ്, സ്റ്റേ കിട്ടുകയാണ്. ഇതിന് 1998-ൽ പോലും ഗവൺമെന്റ് നടപടിയെടുത്തില്ല. അതുകൊണ്ട് നാളെ ലേലം ആരംഭിക്കുകയാണ്. ഇപ്രകാരം ലേലം ഉറപ്പിച്ചുകൊടുത്താൽ, ലൈസൻസിംഗ് വ്യവസ്ഥയിൽ ഇതിന്റെ സ്ട്രെങ്ത് പറഞ്ഞില്ലായെങ്കിൽ റൂൾസിൽ ഇത് വ്യവസ്ഥ ചെയ്തില്ലായെങ്കിൽ ഒരു സംശയവും വേണ്ട അടുത്ത സാമ്പത്തികവർഷം മുഴുവൻ കഴിഞ്ഞ സാമ്പത്തിക വർഷത്തെപ്പോലെതന്നെ കേരളത്തിൽ ചാരായംകൊണ്ട് ആറാട്ടായിരിക്കും. കേരളത്തിലെ ജനങ്ങളെ ഈ ഗവൺമെന്റ് ചാരായത്തിൽ മുക്കിക്കൊല്ലാൻ പോവുകയാണ്. ഈ വർഷം അബ്ക്കാരിനയത്തിൽ യാതൊരു മാറ്റവുമില്ലെന്ന് ഉത്തരവിറക്കിയിട്ടുണ്ട്. പക്ഷേ, കഴിഞ്ഞവർഷത്തെ നയത്തിൽ ഒരു ചെറിയ മോഡിഫിക്കേഷൻ അങ്ങ് ഇറക്കിയത് ഒരുവാചകം മാത്രം ഞാൻ വായിക്കട്ടെ. Excise Commissioner will take urgent action to implement these orders and will forward proposals for making amendments in the concerned Act/Rules wherever necessary. ആക്ടിലും റൂൾസിലും എവിടെയൊക്കെയാണ് ഭേദഗതി വേണ്ടത് എന്നതുസംബന്ധിച്ച് കമ്മീഷണർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ഈ ചട്ടത്തിൽ മാറ്റം വരുത്താനാവശ്യപ്പെട്ടുകൊണ്ട് കമ്മീഷണർ കഴിഞ്ഞവർഷം ഗവൺമെന്റിന് എഴുതിയതാണ്. ഇതേവരെ ഗവൺമെന്റ് നടപടിയെടുത്തില്ല. തന്നെയുമല്ല, കേരള ഗവൺമെന്റിന്റെ ചീഫ് കെമിക്കൽ അനലിസ്റ്റ് സർക്കാരിന് തന്ന റിപ്പോർട്ടുണ്ട്. ആ റിപ്പോർട്ടിൽ കള്ളിന്റെ വീര്യമെന്നുപറയുന്നത് 40 വോളിയം (4 – 8 ÷) വോളിയമെന്നുപറയുന്നു. പരമാവധി 8.1 ശതമാനം കവിയാൻ പാടില്ല. അതിനാവശ്യമായ ചട്ടമുണ്ടാക്കണമെന്നുപറഞ്ഞ് ചീഫ് കെമിക്കൽ എക്സാമിനറുടെ വിദഗ്ദ്ധ റിപ്പോർട്ടുണ്ടായിരിക്കെ ഒന്നുരണ്ട് വർഷം കഴിഞ്ഞിട്ടും ഇപ്പോഴും ചട്ടത്തിൽ മാറ്റം വരുത്താതിരിക്കുന്നത് അബ്ക്കാരി ലോബിയെ, ചാരായ ലോബിയെ സഹായിക്കാൻ വേണ്ടിയാണ്. അങ്ങ് ഈ നിയമസഭയിൽ എത്രയോ പ്രാവശ്യം ചാരായ ലോബിക്കെതിരായി അട്ടഹാസം ഇളക്കിയിരിക്കുന്നു. ചാരായ ലോബിയെ തകർക്കുമെന്ന് പറഞ്ഞിരിക്കുന്നു. പക്ഷേ, ഈ സഭയിലെ പ്രസംഗങ്ങൾ മുഴുവൻ വേശ്യയുടെ ചാരിത്ര്യപ്രസംഗം പോലുള്ള പ്രസംഗമായിരുന്നു എന്ന് പകൽപോലെ വ്യക്തമായിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ചീഫ് കെമിക്കൽ എക്സാമിനർ ഇതുസംബന്ധിച്ച് റിപ്പോർട്ട് തന്നിട്ടും എക്സൈസ് കമ്മീഷണറുടെ ഓഫീസിൽ നിന്നും ശുപാർശ തന്നിട്ടും ചട്ടങ്ങളിൽ ഭേദഗതി വരുത്താതെ ലൈസൻസിംഗ് വ്യവസ്ഥയിൽ മാറ്റം വരുത്താതെ കഴിഞ്ഞ വർഷത്തെ അതേ നയത്തിലൂടെ നാളെ ലേലം നടത്തുന്നത് ജനങ്ങളെ ചാരായത്തിൽ മുക്കിക്കൊല്ലാൻ വേണ്ടിയാണ്. അതുകൊണ്ട് നാളെ മുതൽ ആരംഭിക്കാനിരിക്കുന്ന അബ്കാരി ലേലം നിർത്തൽ ചെയ്യണം. കള്ളിന്റെ സ്ട്രെങ്ത് നിശ്ചയിച്ചുകൊണ്ട് ആവശ്യമായ ഭേദഗതി റൂൾസിൽ വരുത്തണം. ലൈസൻസിംഗ് വ്യവസ്ഥയിൽ വരുത്തണം. അങ്ങനെ ചാരായത്തിൽനിന്നും ജനങ്ങളെ നശിപ്പിക്കുന്നതിൽനിന്നും ഗവൺമെന്റ് പിന്തിരിയണമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. വളരെ ഗൗരവമായി ചാരായ ലോബിയെ എതിർക്കുന്നുവെങ്കിൽ ഈ നടപടിയെടുത്തതിനുശേഷം മാത്രമേ ലേലം ആരംഭിക്കാവൂ എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ബഹുമാനപ്പെട്ട അംഗം വളരെ പ്രധാനപ്പെട്ട ഒരു വിഷയത്തിലേക്കാണ് സബ്മിഷൻ ഉന്നയിച്ചിട്ടുള്ളത്. അദ്ദേഹം അതിന്റെ വിശദാംശങ്ങൾ പറഞ്ഞു. ചാരായ ലോബിയുടെ ആശ്രിതനാണ് ഞാനെന്നുപറഞ്ഞതൊഴിച്ചാൽ ബാക്കി അദ്ദേഹം പറഞ്ഞതെല്ലാം ശരിയാണ്. അദ്ദേഹം പറഞ്ഞത് വളരെ പ്രസക്തമായ കാര്യമാണ്. 8.1 ശതമാനം എന്ന് അദ്ദേഹം പറഞ്ഞത് പോലെതന്നെ അദ്ദേഹം മറുപടിയും പറഞ്ഞു. കേരളാ അബ്കാരി മാനുവലിലെയുള്ളൂ. ആക്ടിലില്ല. ഇത് വ്യവസ്ഥയിലുണ്ടായിട്ടു കാര്യമില്ല. It must be in the Act. Statutory backing വേണം. അതിൽ മറ്റെല്ലാ ലിക്വറിനെപ്പറ്റിയും പറഞ്ഞിട്ടുണ്ട്. ടോഡിയെ സംബന്ധിച്ച് നിർവചിച്ചിട്ടില്ല. അതിന്റെ സ്ട്രെങ്ത് 8.1 ശതമാനത്തിൽ മേലേ കണ്ട 102 കേസ്സുകളെടുത്തു. ആ 102 കേസ്സുകളും ഫോറിൻ ലിക്വർ ആക്ടിൽ ഇല്ലാത്തതിനാൽ ഹൈക്കോടതിയിൽ നിന്നും സ്റ്റേ സമ്പാദിച്ചിട്ടുണ്ട്. ആക്ടിൽ വേണം. അബ്കാരി ആക്ടിലും റൂൾസിലും ഭേദഗതി വരുത്തി ഇതിന്റെ സ്ട്രെങ്ത് 8.1 ശതമാനം മാനുവലിൽ പറയുന്ന കാര്യം-അതിന്റെ സ്റ്റാറ്റ്യൂട്ടറി backing കൊടുക്കാനുള്ള നടപടി ഉടനടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. അതിന്റെ Process is on. Vet ചെയ്ത് കിട്ടേണ്ടതേയുള്ളൂ. ഈ ആക്ട് അമെന്റ് ചെയ്യാൻ പോകുകയാണ്. ഈ ആക്ട് അമെന്റ് ചെയ്ത് 8.1 ശതമാനമാണ്. 4% to 8% എന്നു പറഞ്ഞല്ലോ. ആ ശതമാനമാണ് ടോഡി. അതിനപ്പുറമുള്ളതല്ലെന്ന് ക്ലിയർ കട്ടായി ambiguity ഇല്ലാതെ നിയമത്തിൽ ഭേദഗതി കൊണ്ടുവരും. വളരെ വേഗം കൊണ്ടുവരുമെന്ന് ഈ സഭയ്ക്ക് ഞാൻ ഉറപ്പു തരുന്നു. ഒരാൾക്കും ആ കുറ്റത്തിൽ നിന്നു രക്ഷപ്പെട്ടാൽ കഴിയില്ല. ക്വസ്റ്റ്യൻ ഓഫ് ഫാക്ടിലല്ല ഈ കേസിനാകെ സ്റ്റേ കൊടുത്തിരിക്കുന്നത്. ക്വസ്റ്റ്യൻ ഓഫ് ലായിലാണ്. ആ ക്വസ്റ്റ്യൻ ഓഫ് ലാ ഇവിടെ നിന്നു മാറ്റിയാൽ പിന്നെ ഇവർക്കൊന്നും രക്ഷയില്ല. 8.1 ശതമാനത്തിനുമേലെ സ്ട്രെങ്തുള്ള കള്ള് വിറ്റ ആളുകൾക്കൊന്നും ഇനി സ്റ്റേ കിട്ടാൻ പോകുന്നില്ല. ആ രീതിയിൽ ആക്ടിൽ fool proof ആയി അമെന്റ് ചെയ്യും. അദ്ദേഹം ഇവിടെ ഉന്നയിച്ച ഇഷ്യൂ വളരെ പ്രധാനപ്പെട്ടതാണ്. ഗവൺമെന്റും ആ ലൈനിലാണ് ആലോചിക്കുന്നത്. ഈ ഭേദഗതി, എല്ലാ സുഷിരങ്ങളുമടച്ച് തന്നെ നിയമമുണ്ടാക്കും. we will make a law അതിൽ

LIBRARY ARCHIVES Kerala Legislative Assembly

യാതൊരു സംശയവുമില്ല. ഈ സഭയ്ക്കു ഞാൻ നൽകുന്ന ഉറപ്പാണ്. 8.1 ശതമാനമെന്നുള്ളത് മാനുവൽ ഗൈഡ് ലൈനാണ്. ഇതു ഗൈഡ് ലൈൻ മാത്രമേയാകുന്നുള്ളൂ. റൂളിലില്ല. അതുകൊണ്ട് റൂളിൽ ഇത് ഉൾപ്പെടുത്തി, സ്റ്റാറ്റ്യൂട്ടറി backing കൊടുത്ത് അദ്ദേഹം ഇവിടെ ഉന്നയിച്ച ശരിയായ ആശങ്ക ഇല്ലാതാക്കുന്നതിനുള്ള നടപടി നിശ്ചയമായും ഗവൺമെന്റ് സ്വീകരിക്കും. അത് ഞാൻ ഈ സഭയ്ക്ക് ഉറപ്പു തരുന്നു.

(2) പോലീസ് സേനയിൽ സ്ത്രീകൾക്ക് പത്ത് ശതമാനം സംവരണം

ശ്രീമതി എൻ. കെ. രാധ : സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയത്തെ സംബന്ധിച്ചാണ് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധക്ഷണിക്കാനുള്ളത്. പോലീസ് സേനയിൽ പത്ത് ശതമാനം വനിതാ പോലീസിനെ നിയമിക്കണമെന്നതിനെ ആസ്പദമാക്കിയാണ് ഞാൻ ഇവിടെ സൂചിപ്പിക്കുന്നത്. ഇന്ന് പോലീസ് സേനയിൽ നാല്പത്തി രണ്ടായിരത്തിലേറെ അംഗങ്ങളുള്ളതിൽ കേവലം അഞ്ഞൂറോളം വനിതാ പോലീസുകാരാണുള്ളത്. ജനസംഖ്യയിൽ ബഹുഭൂരിപക്ഷം സ്ത്രീകളാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ അസംബ്ലിയിൽ പോലീസ് സേനയിൽ പുരുഷന്മാരുടെയൊപ്പം തന്നെ സ്ത്രീകളുടെ അനുപാതം വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. വളരെയേറെ സ്വാഗതാർഹമായിട്ടുള്ള കാര്യമാണ്. അത് ത്വരിതപ്പെടുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. ജനസംഖ്യയുടെ പകുതിയിലേറെ വരുന്ന ഒരു ജനവിഭാഗത്തിന് സ്വതന്ത്രമായും നിർഭയമായും തങ്ങളുടെ പ്രശ്നങ്ങൾ അവതരിപ്പിക്കുവാൻ എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതാ പോലീസുകാരെ നിയമിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇന്ന് വനിതാ സെല്ലുകൾ പ്രവർത്തിക്കുന്നുണ്ട്. വനിതാ പോലീസ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നുണ്ട്. പക്ഷേ, അതുകൊണ്ടു മാത്രം പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കുകയില്ല. പാവപ്പെട്ട നാട്ടിൻപുറത്തുള്ള സ്ത്രീകൾ അവരുടെ പ്രശ്നങ്ങൾ പറയാൻ ലോക്കൽ പോലീസ് സ്റ്റേഷനുകളിലാണ് അഭയം പ്രാപിക്കുന്നത്. അവർക്ക് അവരുടെ പ്രശ്നങ്ങൾ നിർഭയമായി പറയണമെങ്കിൽ എല്ലാ പോലീസ് സ്റ്റേഷനുകളിലും സ്ത്രീകളെ വനിതാ പോലീസുകാരായി നിയമിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെ തന്നെ ഇന്ന് ഐ.പി.എസ്. ഉദ്യോഗസ്ഥരായി ഒട്ടേറെ സ്ഥലങ്ങളിൽ സ്ത്രീകളെ നിയമിക്കാറുണ്ട്. പുരുഷന്മാരോടൊപ്പം തന്നെ അവരുടെ കഴിവ് തെളിയിക്കാനുള്ള അവസരമാണ് സ്ത്രീകൾക്ക് ലഭിക്കുന്നത്. ആ രംഗത്ത് വളരെയേറെ പ്രഗത്ഭരായിട്ടുള്ള ഉദ്യോഗസ്ഥകളെ നമുക്ക് കാണുവാൻ സാധിക്കുന്നുണ്ട്. എന്നാൽ ജില്ലാ എസ്.പി.മാരായിട്ടും എസ്.പി.മാരായിട്ടുമൊക്കെ ഇവരെ നിയമിക്കാറുണ്ടെങ്കിലും എല്ലാ പോലീസ് സ്റ്റേഷനുകളിലും ഇന്ന് വനിതാ എസ്.ഐ.മാരുണ്ടാകണമെന്നാണ് എനിക്കു പറയാനുള്ളത്. അതുപോലെ തന്നെ ലോക്കൽ പോലീസ് സ്റ്റേഷൻ ചുമതലയിൽ വനിതാ എസ്.ഐ.മാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിക്കാനുള്ള നടപടികൾ സ്വീകരിക്കണം. അതുകൊണ്ട് അടിയന്തിരമായി പോലീസ് വിഭാഗത്തിൽ 10 ശതമാനം വനിതാ പോലീസുകാരുണ്ടാകാനുള്ള നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly